ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും ഓട്ടോമൊബൈൽ എന്ജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ /വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

---

**ജീവനക്കാര്യം (C) വിഭാഗം**

**നം.DTETVM/4854/2024-EC4 (EC)** **തിരുവനന്തപുരം, തീയതി : 18-04-2025**

---

വായന :-

1. സർക്കാർ ഉത്തരവ് നം. GO(P) 503/2012/HEDN തീയതി.12/10/2012
2. ഈ കാര്യാലയത്തിലെ 20/8/24 തീയതിയിലെ DTETVM/6518/2024-EC3(EC) നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 6/3/25 തീയതിയിലെ DTETVM/8432/2024-EG3 (EG) നമ്പർ സർക്കുലർ.

**ഉത്തരവ്**

ഈ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഡെമോൺസ്ട്രേറ്റർ ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് തസ്തികയിൽ വിശേഷാൽ ചട്ടം G.O. (P) No. 503/2012/H.Edn തീയതി 12-10-2012 പ്രകാരമാണ് നിലവിൽ നിയമനം നൽകേണ്ടത്. നിലവിൽ ഓട്ടോമൊബൈൽ വിഭാഗം ഡെമോൺസ്ട്രേറ്റർ /വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ തസ്തിക മാറ്റം നടത്തുന്നതിനായി സീനിയോറിറ്റി ലിസ്റ്റ് യോഗ്യരായ ജീവനക്കാരെ ഉൾപ്പെടുത്തി EG സെക്ഷനിൽ നിന്നും ലഭ്യമായിട്ടുണ്ട്. 1:1 അനുപാതം പൂർത്തീകരിക്കുന്നതിനായുള്ള 3 ഒഴിവിലേക്കും 20/8/2024 തീയതിയിലെ DTETVM/6518/2024-EC3(EC) നമ്പർ ഉത്തരവ് പ്രകാരം കളമശേരി സർക്കാർ പോളിടെക്നിക് കോളേജിലെ ഓട്ടോമൊബൈൽ വിഭാഗം ഡെമോൺസ്ട്രേറ്റർ ആയ ശ്രീ ജോജോ വർഗീസ് - ന വർക്ക്ഷോപ്പ് ഫോർമാൻ ആയി തസ്തികമാറ്റം ലഭിച്ചത് പ്രകാരം ഉണ്ടായ 1 ഒഴിവിലേക്കും വിശേഷാൽചട്ട പ്രകാരം തസ്തികമാറ്റ നിയമനത്തിനും, നേരിട്ടുള്ള നിയമനത്തിനും പ്രതിപാദിച്ചിട്ടുള്ള അനുപാതം 1:1 പൂർത്തികരിക്കുന്നതിനായി 4 തസ്തികമാറ്റ നിയമനം നടത്തേണ്ടതായുണ്ട്.

സൂചന 3 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ്ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥരെ 41300-87000/-രൂപ ശമ്പള നിരക്കിൽ , കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ,1958 റൂൾ 28(b) (ii) പ്രകാരം തസ്തികമാറ്റം വഴി ഓട്ടോമൊബൈൽ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ നിയമിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | ഓട്ടോമൊബൈൽ എന്ജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ /വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമിക്കപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 1 | ശ്രീ സജിത്ത് കുമാർ റ്റി ജി (പെൻ:872580) ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (ഓട്ടോമൊബൈൽ എൻജിനിയറിങ് ), സർക്കാർ പോളിടെക്നിക് കോളേജ്,പെരിന്തൽമണ്ണ,മലപ്പുറം | സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, സുൽത്താൻബത്തേരി ,വയനാട് (തുറന്ന ഒഴിവ്) |
| 2 | 2 | ശ്രീ സനൂജ് വി (പെൻ:884315) ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (ഓട്ടോമൊബൈൽ എൻജിനിയറിങ് ), സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, പയ്യോളി,കോഴിക്കോട് | സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, ഷൊർണ്ണൂർ (തുറന്ന ഒഴിവ്) |
| 3 | 3 | .ശ്രീ മുജീബുറെഹ്മാൻ കെ (പെൻ:890857) ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II ( ഓട്ടോമൊബൈൽ എൻജിനിയറിങ് ), സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, നരുവമ്പ്രം,കണ്ണൂർ | സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, തോട്ടട,കണ്ണൂർ (തുറന്ന ഒഴിവ്) |
| 4 | 4 | ശ്രീ പ്രദീപ് കെ വി (പെൻ:897780) ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (ഓട്ടോമൊബൈൽ എൻജിനിയറിങ് ), സർക്കാർ പോളിടെക്നിക് കോളേജ്,നട്ടുവിൽ | സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, നരുവമ്പ്രം, കണ്ണൂർ (തുറന്ന ഒഴിവ്) |

തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥരുടെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്.

* അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ തസ്തിക

മാറ്റ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും.

* ടി ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട സ്ഥാപനമേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

2. ഇബി 2 സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 18-04-2025 23:00:08